# ഗവ .എൽ.എം.എ.എൽ.പി.എസ്
# നെടുമങ്ങാട്




## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -2026

### സ്കൂൾ തലം

## 1.ആമുഖം

ഗവ .എൽ .എം.എ.എൽ .പി.എസ് നെടുമങ്ങാടിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -2026 അധ്യയനവർഷത്തെ സ്കൂൾ തല പദ്ധതികളുടെ സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നു .പൊതുവിദ്യാഭാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനും സമഗ്ര ഗുണമേന്മ വിദ്യാഭാസം ഉറപ്പുവരുത്തുന്നതിനും അതിലൂടെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനും വേണ്ടിയുള്ള സ്കൂൾ തല പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.അധ്യാപകർ,പി.റ്റി .എ ,എം.പി.റ്റി .എ ,എസ് .എം .സി എന്നിവരുടെ സജീവ സഹകരണത്തോടെയാണ് ഈ തന്ത്രപ്രധാനമായ രേഖ തയ്യാറാക്കിയിരിക്കുന്നത് .

## 2.ലക്ഷ്യങ്ങൾ

1 .സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക

2 .എല്ലാ കുഞ്ഞുങ്ങൾക്കും മലയാളം, ഇംഗ്ലീഷ്,അറബിക് എന്നി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുന്നത്തിന് പ്രത്യേക ഊന്നൽ നൽകുക

3 .കുട്ടികളുടെ വ്യക്തിഗത കഴിവുകളെ കണ്ടെത്തി ആ മേഖലയിൽ പരിശീലനം നൽകുക

4.അധ്യാപകരെ ആധുനിക സാങ്കേതികവിദ്യാ സാദ്ധ്യതകൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ പ്രാപ്തരാക്കുക.

5.ശാസ്ത്ര,കമ്പ്യൂട്ടർ ലാബുകൾ വിപുലീകരിക്കുക

6.ശിശുസൗഹൃദപരമായ സ്കൂൾ കെട്ടിടം ഉറപ്പുവരുത്തുക

7.ലൈബ്രറി പ്രവർത്തങ്ങൾ വിപുലീകരിക്കുക .

8.അദ്ധ്യാപക-രക്ഷാകർത്തൃ - വിദ്യാർത്ഥി സംഗമങ്ങൾ സംഘടിപ്പിക്കുക.

9. കോർണർ പി.ടി.എ സജീവമാക്കുക

10.ഈ അധ്യയന വർഷത്തിൽ സ്കൂളിനെ സമ്പൂർണ്ണപ്ലാസ്റ്റിക് വിമുക്ത വിദ്യാലയമാക്കി മാറ്റുക.

**11.കാർഷിക മേഖലകൾ,ഉദ്യാനങ്ങൾ എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിനായി വിദ്യാർഥി സംഘങ്ങൾ രൂപീകരിക്കുക.**

**12.കുട്ടികൾക്ക് വിവിധ വിഷയങ്ങൾ (ലഹരി ഉപയോഗം,മൊബൈൽ അഡിക്ഷൻ തുടങ്ങിയവ )ആസ്പദമാക്കി ബോധവൽക്കരണ ക്ലാസുകൾ നൽകുക.**

**13 .വിദ്യാലയത്തെ സമ്പൂർണ ഹൈടെക് സ്കൂൾ ആക്കുന്നതിനോടൊപ്പം കുഞ്ഞുങ്ങളെയും ആധുനിക സാങ്കേതിക വിദ്യയുടെ ലോകത്തേക്കു നയിക്കുക.**

## 3.നേട്ടങ്ങളും പരിമിതികളും

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| *അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപകരുടെ കൂട്ടായ്മ | *മുഴുവൻ കുട്ടികൾക്കും ഭാഷ ഗണിത ശേഷികൾ ആർജിക്കാൻ കഴിഞ്ഞിട്ടില്ല |
| * ലൈബ്രറി ,കമ്പ്യൂട്ടർ ലാബ് സൗകര്യം | *കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടം |
| *കലാ-കായിക രംഗങ്ങളിൽ പ്രത്യേക പരിശീലനം | *കളിസ്ഥലത്തിന്റെ അഭാവം |
| *പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി അക്ഷരത്തിളക്കം ,ലളിതം ഗണിതം ,കൈത്താങ്ങ് പദ്ധതികൾ | *മികച്ച കമ്പ്യൂട്ടർ-ശാസ്ത്രലാബിന്റെ അഭാവം |
| *ഹൂപ്പ് ,എയറോബിക്സ് ,സൂംബ പരിശീലനം | *ഹൈടെക് ക്ലാസ്റൂമുകളുടെ ലഭ്യത കുറവ് |
| *കാർഷിക ,ഉദ്യാന പരിപാലനം എന്നിവ പ്രോത്സാഹിപ്പിക്കുന്നു | *വായനക്ക് പ്രോത്സാഹനം നല്കുന്നുണ്ടെങ്കിലും നന്നായി പുസ്തകം വായിക്കുന്നവർ കുറവാണ് .മത്സരപരീക്ഷയിൽ പിന്നോക്കാവസ്ഥ |
| *റേഡിയോ ക്ലബ് ,ഓപ്പൺ ലൈബ്രറി എന്നിവയിലൂടെ കുട്ടികളുടെ സർഗ്ഗ ശേഷികൾ പരിപോഷിപ്പിക്കുന്നു | *ഐ .ഇ .ഡി കുട്ടികളുടെ പഠന സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് |
| *സൈക്ലിംഗ് പരിശീലനം | *വായന പുസ്തകങ്ങൾ ധാരാളമുണ്ടെങ്കിലുംഅവ സുരക്ഷിതമായി സൂക്ഷിക്കാൻ പറ്റിയ കെട്ടിടത്തിന്റെ അഭാവം. |
| *പൊതുവിജ്ഞാന പരിശീലനം | *കുട്ടികൾക്ക് ആവശ്യമായ കളി ഉപകരണങ്ങളുടെ കുറവ് |

# പ്രവർത്തനപദ്ധതികൾ

## സ്കൂൾ തലം 2025 -2026

2025 -2026 അധ്യയനവർഷത്തിൽ സ്കൂൾ തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ കലണ്ടർ ആണ് താഴെ നൽകിയിരിക്കുന്നത്.ഇതോടൊപ്പം വിഷയാടിസ്ഥാനത്തിൽ ഉള്ള ക്ലാസ് തല പ്രവർത്തനങ്ങൾ ക്ലാസ് തല അക്കാദമികമാസ്റ്റർ പ്ലാനിന്റെ സഹായത്തോടെ ചെയ്യുന്നു.

| പ്രവർത്തനം 1<br>പിറന്നാൾ സമ്മാനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളിൽ സാഹിത്യാഭിരുചിയും പ്രകൃതി സ്നേഹവും വളർത്തുക | കുട്ടികളുടെ പിറന്നാൾ ദിനത്തിൽ സ്കൂളിലേക്കായി ഒരു വൃക്ഷതൈ ,ലൈബ്രറിയിലേക്ക് പുസ്തകം നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | | |

| പ്രവർത്തനം2<br>കവിതാപാഠം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| താളവും ഭാവവും ഉൾക്കൊണ്ട് കവിത ചൊല്ലുക | റേഡിയോ ക്ലബ്ബിലൂടെ ദിവസവും കവിതാലാപനം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം 3<br>കഥവായന | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| അർത്ഥപൂർണ്ണമായി കഥവായിക്കുന്നു.ആശയം ഉൾക്കൊണ്ടുള്ള വായന | റേഡിയോ ക്ലബ്ബിലൂടെ ആഴ്ചയിലൊരിക്കൽ കുട്ടികൾ കഥ അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| പ്രവർത്തനം 4<br>സ്കൂൾ ലൈബ്രറി | | | | |
| മികച്ച വായന ശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിക്കുക | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രേറിയൻ | |
| പ്രവർത്തനം 5<br>രചനോത്സവം | | | | |
| ആശയങ്ങൾ വിവിധ രൂപത്തിൽ ആവിഷ്കരിക്കാൻ കഴിവ് നേടുക | വിവിധ തരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| പ്രവർത്തനം 6<br>പാട്ടരങ്ങ് | | | | |
| താളവും ഭാവവും ഉൾക്കൊണ്ട് കവിത ചൊല്ലുക | കുട്ടികൾ പഠിച്ചതും അറിയാവുന്നതുമായ കവിതകൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| പ്രവർത്തനം 7<br>റീഡേഴ്സ് തിയേറ്റർ | | | | |
| അർത്ഥപൂർണ്ണമായി കഥവായിക്കുന്നു. | കുട്ടികൾ വായിച്ച കഥകൾ നാടക രൂപത്തിൽ അവതരിപ്പിക്കുന്നു . | ജൂൺ മുതൽ മാർച്ച് വരെ | | |

<table>
<tr><td colspan="5">പ്രവർത്തനം 8<br>ഇംഗ്ലീഷ് അസംബ്ലി</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td><td>സാമ്പത്തികം</td></tr>
<tr><td>ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക അവസരം നൽകൽ</td><td>മാസത്തിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി അവതരിപ്പിക്കുന്നു.</td><td>ജൂൺ മുതൽ മാർച്ച് വരെ</td><td>ക്ലാസ് ടീച്ചർ</td><td></td></tr>
<tr><td colspan="5">പ്രവർത്തനം 9<br>ഇംഗ്ലീഷ് മാഗസിൻ</td></tr>
<tr><td>അസംബ്ലി ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക അവസരം നൽകൽ</td><td>വർഷാവസാനം സ്കൂൾ മാഗസിൻ ഇംഗ്ലീഷിലും മലയാളത്തിലും പുറത്തിറക്കുക</td><td>മാർച്ച്</td><td>SRG</td><td></td></tr>
<tr><td colspan="5">പ്രവർത്തനം 10<br>അറബിക് ക്ലബ്</td></tr>
<tr><td>അറബിക് ഭാഷ യുടെ അടിസ്ഥാന ആശയങ്ങൾ മനസിലാക്കൽ</td><td>എല്ലാ മാസവും അറബിക് ഭാഷാകേളികൾ നടത്തുന്നു.</td><td>ജൂൺ മുതൽ മാർച്ച് വരെ</td><td>അറബിക് ടീച്ചർ</td><td></td></tr>
<tr><td colspan="5">പ്രവർത്തനം11<br>അക്ഷരത്തിളക്കം</td></tr>
<tr><td>പഠന പിന്നോക്കാവസ്ഥയിൽ ഉള്ളകുട്ടികൾക്ക് കൈത്താങ്ങു നൽകൽ</td><td>എല്ലാ ദിവസവും പഠന പിന്നോക്കാവസ്ഥ യിൽ ഉള്ള കുട്ടികൾക്ക് അക്ഷര ക്ലാസ് എടുക്കൽ</td><td>ജൂൺ മുതൽ മാർച്ച് വരെ</td><td>ക്ലാസ് ടീച്ചർ</td><td></td></tr>
</table>

| പ്രവർത്തനം 12<br>ഗണിതലാബ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഗണിതവുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ കഴിയുന്ന തരത്തിലുള്ള ലാബ് പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | ഗണിതക്ലബ് കൺവീനർ | |
| പ്രവർത്തനം 13<br>ഗണിതമൂല | | | | |
| ഗണിതവുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

## മറ്റു പ്രവർത്തനങ്ങൾ

*വിവിധ തരത്തിലുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ .ആരോഗ്യം,റോഡ് സുരക്ഷാ,മൊബൈൽ അഡിക്ഷൻ, ലഹരി വിരുദ്ധക്ലാസ്സുകൾ ,അടിയന്തര സാഹചര്യങ്ങൾ കൈകാര്യം ചെയ്യൽ ,തുടങ്ങിയവ

*ദിനാചരണങ്ങൾ സംഘടിപ്പിക്കൽ

*നാടൻപാട്ട് ശില്പശാല ,പാവനാടകം ,ചിത്രരചന ശില്പശാല എന്നിവ നടത്തൽ

*കോർണർ PTA സംഘടിപ്പിക്കൽ

*കുട്ടികളുടെ ആരോഗ്യ പരിശോധന സംഘടിപ്പിക്കൽ

*യോഗ പരിശീലനം

*വിവിധ കൂട്ടായ്മകളുടെ സഹായത്തോടെ വിദ്യാലയ അന്തരീക്ഷം മെച്ചപ്പെടുത്തൽ

**സംഗ്രഹം**

**2025 -2026 അധ്യയനവർഷത്തേക്കുള്ള ഈ അക്കാദമിക മാസ്റ്റർ പ്ലാനിലെ എല്ലാ പ്രവർത്തനങ്ങളും നിർവഹിക്കുന്നതിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കും .കൂടാതെ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വിപുലമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യും**